Page 1 of 1

## വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ടൂറിസം സർക്യൂട്ട്

**257 (6962)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുമ്പൂർമൂഴി, അതിരപ്പിള്ളി, വാഴച്ചാൽ, ഏഴാറ്റുമുഖം, കാലടി, മലയാറ്റൂർ, കോടനാട്, ഭൂതത്താൻകെട്ട് തുടങ്ങിയ ടൂറിസ്റ്റു കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടൂറിസം സർക്യൂട്ട് ആരംഭിക്കുമെന്ന മുൻവർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 30 വർഷത്തെ കാഴ്ചപ്പാടോടുകൂടി ഒരു മാസ്റ്റർ പ്ലാൻ (കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത മാസ്റ്റർപ്ലാൻ തയ്യാറാക്കിയ ശേഷം മാത്രമേ ടൂറിസം സർക്യൂട്ട് നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

## വഴിയമ്പലം, പൈതൃക ശേഷിപ്പ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടി

**258 (6963)** ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ മീനമ്പലം എന്ന സ്ഥലത്ത് നിലകൊള്ളുന്ന വഴിയമ്പലം, ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പൈതൃകശേഷിപ്പ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കാണിച്ച് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സന്നദ്ധമാകുമോ ?

### ഉത്തരം

(എ&ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly